بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 05.07.2024

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.*

## ബദ്റുൽ മൗഇദ്, ദൂമത്തുൽ ജന്ദൽ യുദ്ധാനീക്കങ്ങൾ

اَشْهَدُ اَنْ لَّاۤ اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطَانِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○ اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ اَلرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഇന്ന് ഞാൻ രണ്ട് യുദ്ധങ്ങളെ സംബന്ധിച്ച് പറയുന്നതാണ്. ആദ്യത്തെ യുദ്ധത്തിന്റെ പേര് ഗസ്വ ബദ്റുൽ മൗഇദ് എന്നാകുന്നു. ഇത് ഹിജ്റ നാലാം വർഷമാണ് നടന്നത്. ഈ യുദ്ധം ബദ്റുഥ്ഥാനിയ, ബദ്റുസ്സുഗ്റാ തുടങ്ങിയ പേരുകളിൽ പ്രസിദ്ധമാണ്. ഹിജ്റ നാലാം വർഷം ശഅ്ബാൻ മാസം നബി(സ) ബദ്റിലേക്ക് പുറപ്പെട്ടു. ഈ യുദ്ധം നടന്ന തിയ്യതിയെപറ്റി വ്യത്യസ്ത അഭിപ്രായങ്ങൾ കാണപ്പെടുന്നുണ്ട്. ശവ്വാൽ മാസം അവസാനമായപ്പോൾ നബി(സ) 1500 സ്വഹാബാക്കളുടെ ഒരു സംഘത്തേയും കൂട്ടി മദീനയിൽനിന്ന് പുറപ്പെടുകയുണ്ടായി എന്നാണ് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ഇതേപ്പറ്റി എഴുതിയിട്ടുള്ളത്. ഈ യുദ്ധത്തിനുള്ള കാരണമെന്തെന്നാൽ, അബൂസുഫിയാൻ ബിൻഹറബ് ഉഹുദ് യുദ്ധത്തിൽനിന്ന് തിരിക്കുമ്പോൾ, അടുത്ത വർഷം ഞങ്ങൾക്കും നിങ്ങൾക്കും ബദ്റുസ്സഫറ എന്ന സ്ഥലത്തുവെച്ച് കണ്ടുമുട്ടാം; നമുക്ക് അവിടെ വെച്ച് യുദ്ധം ചെയ്യാം എന്ന് പറയുകയുണ്ടായി. റസൂലുല്ലാഹ്(സ) അയാളോട് അതേ, ഇൻശാ അല്ലാഹ് എന്ന് പറയാൻ ഹദ്റത്ത് ഉമർ(റ)നോട് പറഞ്ഞു. മറ്റൊരു നിവേദനത്തിൽ വന്നത്, നബി(സ) സ്വയം തന്നെ ഇൻശാ അല്ലാഹ് എന്ന് മറുപടി നൽകുകയുണ്ടായി എന്നാണ്.

ബദ്ർ മക്കക്കും മദീനക്കും ഇടയിലുള്ള ഒരു സുപ്രസിദ്ധ കിണറാകുന്നു. മദീനക്ക് തെക്ക് പടിഞ്ഞാറ് 150 കിലോമീറ്റർ അകലെയാണ് ബദ്ർ സ്ഥിതി ചെയ്യുന്നത്. ജാഹിലിയാ കാലഘട്ടത്തിൽ ഈ സ്ഥലത്ത് എല്ലാ വർഷവും ദുൽഖഅദ ഒന്ന് മുതൽ എട്ട് ദിവസം വരെ മേള നടന്നിരുന്നു. അബൂസുഫിയാൻ അഹങ്കാരത്തിൽ വിളംബരം നടത്തിയെങ്കിലും വാഗ്ദാനത്തിന്റെ ദിവസം അടുക്കുന്തോറും അബൂസുഫിയാൻ യുദ്ധത്തിൽനിന്ന് ഒഴിഞ്ഞു മാറാൻ ശ്രമിച്ചുകൊണ്ടിരുന്നു. എന്നാൽ പ്രത്യക്ഷത്തിൽ ഒരു വലിയ സൈന്യവുമായി നബി(സ)നെതിരിൽ യുദ്ധം ചെയ്യാൻ തയ്യാറെടുക്കുകയാണെന്ന് പ്രകടിപ്പിച്ചുകൊണ്ടിരുന്നു. ഇതിനായി നഈം ബിൻ മസ്ഊദ് എന്ന വ്യക്തിയെ 20 ഒട്ടകങ്ങൾ പ്രതിഫലം നൽകുമെന്ന് പറഞ്ഞ് മദീനയിലേക്ക് അയച്ചിരുന്നു. അബൂസുഫിയാന്റെ യുദ്ധ തയ്യാറെടുപ്പിനെപറ്റി അതിശയോക്തി കലർത്തി യുദ്ധത്തിൽനിന്നും പിന്തിരിയാൻ ഉപദേശിച്ചു. ആത്മാർഥരായ മുസ്ലിംകൾ അയാൾ പറയുന്നതിലൊന്നും ചെവികൊടുത്തില്ല. നബി(സ) യുദ്ധത്തിനു പുറപ്പെടാൻ ഉറച്ച തീരുമാനവും ആത്മവിശ്വാസവും നൽകി.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു, അബൂസുഫിയാൻ ബിൻ ഹർബ്, ഉഹുദിലെ വിജയവും വലിയ സംഘബലവും ഉണ്ടായിരുന്നിട്ടുകൂടി മനസാ ഭയവിഹ്വലനായിരുന്നു. അയാൾ ഇസ്ലാമിനെ നാമാവശേഷമാക്കണമെന്ന വാശിയിൽ ആയിരുന്നെങ്കിലും വലിയൊരു സംഘടിതശക്തി ആകുന്നതുവരെയും മുസ്ലിംകളെ നേരിടേണ്ടി വരരുതെന്നും ആഗ്രഹിച്ചിരുന്നു. റസൂലുല്ലാഹ്(സ)നു അബൂസുഫിയാന്റെ സൈനിക തയ്യാറെടുപ്പുകളെ സംബന്ധിച്ച് അറിയിപ്പ് ലഭിച്ചപ്പോൾ തന്റെ അഭാവത്തിൽ മുനാഫിഖീംകളുടെ തലവനായ ഉബയ്യ് ബിൻ സുലൂലിന്റെ മകനും ആത്മാർഥനും ജീവത്യാഗസന്നദ്ധനും ഉറച്ച മുസ്ലിമുമായ അബ്ദുല്ലാഹ് ബിൻ അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂലിനെ മദീനയിലെ അമീറായി നിശ്ചയിക്കുകയുണ്ടായി. മറ്റൊരു നിവേദനത്തിൽ അബ്ദുല്ലാഹ് ബിൻ റവാഹയെയാണ് നബി(സ) അമീർ ആക്കിയതെന്ന് പറയുന്നുണ്ട്. നബി(സ) പതാക ഹദ്റത്ത് അലി(റ)ന് നൽകുകയുണ്ടായി. മുസ്ലിംകൾ കച്ചവട സാധനങ്ങളുമായി ബദ്റിലേക്ക് തിരിച്ചു.

മുസ്‌ലിംകൾ അബൂസുഫിയാനുമായി യുദ്ധത്തിനാണ് പോകുന്നതെങ്കിലും കച്ചവടച്ചരക്കുകളുമായി ഇറങ്ങിയത് അവരുടെ ദൃഢനിശ്ചയവും ധൈര്യവും ദൃഢബോധ്യവുമാണ് വെളിപ്പെടുത്തുന്നത്. ഒന്നുകിൽ അബൂസുഫിയാൻ യുദ്ധത്തിന് വരുന്നതല്ല, ഇനി വന്നാൽ തന്നെ വളരെ ദയനീയമായി പരാജയപ്പെട്ടു പിന്തിരിഞ്ഞു ഓടുന്നതാണ്. ഈ ദിവസങ്ങളിൽ അവിടെ മേള നടക്കുന്നതുകൊണ്ട് മുസ്‌ലിംകൾക്ക് അവിടെ കച്ചവടം നടത്തി ലാഭമുണ്ടാക്കാനും കഴിയും. വാസ്തവത്തിൽ സംഭവിച്ചതും അതു തന്നെയാണ്.

മുസ്‌ലിംകൾ തങ്ങളുടെ വാഗ്ദാനമനുസരിച്ച് ബദ്ർ മൈതാനത്ത് എത്തിയിരുന്നു. മറുഭാഗത്ത് അബൂസുഫിയാൻ ഖുറൈശി മൂപ്പന്മാരോട് പറഞ്ഞു: നമ്മൾ നഈം ബിൻ മസ്ഊദിനെ അയച്ചിട്ടുണ്ട്. അയാൾ മുസ്‌ലിംകൾ യാത്ര പുറപ്പെടുന്നതിനു മുമ്പേ തന്നെ അവർക്ക് ധൈര്യക്ഷയം വരുത്തുന്നതാണ്. അയാൾ നല്ലപോലെ ശ്രമിക്കുന്നുണ്ട്. എങ്കിലും നമ്മൾ ഒന്നോ രണ്ടോ രാത്രികൾക്ക് അവിടെക്ക് പോയി തിരിച്ചു വരുന്നതാണ്. മുഹമ്മദ്(സ) വന്നില്ലെങ്കിൽ നമ്മൾ പറയും, ഞങ്ങൾ പോയെങ്കിലും മുഹമ്മദ്(സ)ഉം കൂട്ടരും വരികയുണ്ടായില്ല. അങ്ങനെ അത് നമ്മുടെ വിജയമായി ഗണിക്കപ്പെടും. ഇനി പുറപ്പെട്ടെങ്കിൽ നമ്മൾ ഇപ്പോൾ വറുതിയുടെ കാലമാണെന്നും ഞങ്ങൾ സമൃദ്ധിയുടെ കാലത്ത് വരാമെന്നും പറഞ്ഞ് വഴിയിൽ വെച്ചു തന്നെ തിരിച്ചു വരുന്നതുമാണ്.

ഖുറൈശികൾക്ക് അബൂസുഫിയന്റെ അഭിപ്രായം ഇഷ്ടപ്പെട്ടു. അങ്ങനെ കാഫിരീംകളുടെ 2000 പേരടങ്ങുന്ന സൈന്യം അബൂസുഫിയാന്റെ നേതൃത്വത്തിൽ മക്കയിൽനിന്ന് പുറപ്പെട്ടു. ഈ സൈന്യം 22 കിലോമീറ്റർ ദൂരെയെത്തിയപ്പോഴേക്കും അവരുടെ എല്ലാ ധൈര്യവും ചോർന്നു. അയാൾ അവസാനം തിരിച്ചു പോകുകയാണെന്ന് തന്റെ സൈന്യത്തിനിടയിൽ വിശദമാക്കിക്കൊണ്ട് പറഞ്ഞു: അല്ലയോ ഖുറൈശികളേ! സമൃദ്ധിയുടെയും പച്ചപ്പിന്റെയും കാലമാണ് നിങ്ങൾക്ക് യുദ്ധത്തിന് അനുയോജ്യമായത്. ഇപ്പോൾ വറുതിയുടെ കാലമാണ്. അതുകൊണ്ട് ഞാൻ തിരിച്ചു പോകുകയാണ്. നിങ്ങളും തിരിച്ചു പോരുക. അബൂസുഫിയാന്റെ ഈ തീരുമാനത്തെ എതിർക്കാൻ നിൽക്കാതെ എല്ലാവരും തിരിച്ചു പോകാൻ തയ്യാറായി. ഈ സൈന്യത്തിൽ ആകമാനം മുസ്‌ലിംകളോടുള്ള ഭയം പരന്നിരുന്നുവെന്ന് ഇതിൽനിന്ന് വ്യക്തമാണ്. നബി(സ) 8 ദിവസം തങ്ങിയശേഷം മദീനയിലേക്ക് തിരിച്ചു വന്നു. നബി(സ) ഈ ഗസ്‌വയുമായി ബന്ധപ്പെട്ട് മൊത്തം 16 രാത്രി മദീനക്ക് പുറത്ത് കഴിച്ചുകൂട്ടി.

ശത്രു പോരാട്ടത്തിനു വരാൻ ധൈര്യപ്പെടാതെ നല്ലപോലെ ഇളിംഭ്യരായി. മുസ്‌ലിംകളുടെ ധൈര്യം വർധിക്കുകയും ചെയ്തു. മക്കാഖുറൈശികളോട് ചായ്‌വുള്ളവരായിരുന്ന ഈ പ്രദേശത്തെ ചില കാഫിരീംകൾക്ക്മേൽ നബി(സ) വളരെ ധൈര്യപൂർവം തന്റെ ദൃഢനിശ്ചയം വെളിപ്പെടുത്തിയപ്പോൾ അവരും പത്തി മടക്കി. ബദ്റിലെ ചില കച്ചവടക്കാർ മക്കയിൽ പോയി അബൂസുഫിയാനോട് മുസ്‌ലിംകളുടെ സംഘടിതശക്തിയെപറ്റി വളരെ വിശദമായി ബോധ്യപ്പെടുത്തുകയുണ്ടായി. അബൂസുഫിയാനും അയാളുടെ കൂട്ടുകാരും തങ്ങളുടെ ധൈര്യക്ഷയത്തിലും വഗ്ദാന ലംഘനത്തിലും വളരെയേറെ ലജ്ജിതരായിരുന്നു.

രണ്ടാമത്തെ ഗസ്‌വ ദൂമത്തുൽ ജന്ദൽ ആകുന്നു. ഇത് ഹിജ്റ അഞ്ചാം വർഷം റബീഉൽ അവ്വൽ മാസം 25 ന് ആണ് ഉണ്ടായത്. ഈ സ്ഥലം മദീനയിൽനിന്ന് 450 കിലോമീറ്റർ ദൂരെയാണ്. പുരാതന കാലത്ത് ഇവിടെ എത്താൻ 15/17 ദിവസത്തെ യാത്ര വേണ്ടിവന്നിരുന്നു. ഇവിടെ വളരെ വലിയ വാണിജ്യ മേള നടന്നിരുന്നു. ഇത് മദീനയിൽ നിന്ന് ദൂരമുള്ള റോമൻ സാമ്രാജ്യത്തിന്റെ സംസ്ഥാനമായ ശാമിന്റെ അതിർത്തിക്ക് സമീപം നടക്കാൻ പോകുന്ന ആദ്യത്തെ യുദ്ധമായിരുന്നു. ഇതിന്റെ പശ്ചാത്തലം ഇപ്രകാരമാകുന്നു, മുസ്‌ലിംകളുമായി തുടരെത്തുടരെ പരാജയപ്പെടുന്നതും മുസ്‌ലിംകളുടെ വർദ്ധിച്ചു വരുന്ന മേൽക്കോയ്മയും മനസ്സിലാക്കിക്കൊണ്ട് ദീനിന്റെ ശത്രുക്കൾ ഇസ്‌ലാമിനെയും മുസ്‌ലിംകളെയും വേരോടെ പിഴുതെറിയാൻ അവസരം കാത്ത് കഴിയുകയായിരുന്നു. ഇത് പ്രാവർത്തികമാക്കുന്നതിനുവേണ്ടി മദീനയുടെ ഏറ്റവും വടക്കെ അറ്റത്ത് ശാമിലെ അതിർത്തിയുമായി ചേർന്ന് കിടക്കുന്ന ദൂമത്തുൽ ജന്ദലിന്റെ പ്രാന്തപ്രദേശങ്ങളിൽ കഴിയുന്ന ഗോത്രങ്ങൾ ഇസ്‌ലാമിക ഭരണകൂടത്തെ വെല്ലുവിളിച്ചുകൊണ്ട് ഒരു വലിയ സൈന്യത്തെ തയ്യാറാക്കാൻ തുടങ്ങി. ഇവർ കച്ചവട സംഘങ്ങളെ കൊള്ളയടിച്ചുകൊണ്ട് കലാപവും ആരംഭിച്ചിട്ടുണ്ടായിരുന്നു. റസൂലുല്ലാഹ്(സ)നു ദൂമത്തുൽ ജന്ദലിലെ ഈ ഗോത്രങ്ങളുടെ നീക്കങ്ങളെപറ്റി അറിവു ലഭിച്ചപ്പോൾ ദൂമത്തുൽ ജന്ദലിലെ ഗോത്രങ്ങൾ വലിയ സൈന്യത്തെ തയ്യാറാക്കി മദീനയെ ആക്രമിക്കുന്നതിനു മുമ്പേ അവരുടെ പ്രദേശത്തുപോയി മദീനക്കുമേൽ സൈനിക നീക്കത്തിൽനിന്ന് അവരെ തടയാനും കച്ചവട സംഘങ്ങൾക്ക് സമാധാന പൂർവം എത്താൻ കഴിയുന്നതിനും അവരെ ഛിന്നഭിന്നമാക്കുകയാണ് ഉചിതമെന്ന് തിരുനബി(സ) തീരുമാനിച്ചു.

തിരുനബി(സ) സൈന്യത്തെ തയ്യാറാക്കി പുറപ്പെടാൻ ആളുകൾക്ക് കൽപ്പന നൽകി; 1000 സ്വഹാബാക്കളുടെ സൈന്യവുമായി പുറപ്പെട്ടു. തിരുനബി(സ) രാത്രി യാത്ര ചെയ്യുകയും പകൽ ഒളിഞ്ഞിരിക്കുകയും ചെയ്യുമായിരുന്നു.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ഇതു സംബന്ധമായി എഴുതുന്നു, 15 16 ദിവസത്തെ പ്രയാസം നിറഞ്ഞ ദൂരം താണ്ടി ദൂമത്തുൽ ജന്ദലിന് സമീപമെത്തിയപ്പോഴാണ് അവർ മുസ്‌ലിംകൾ വരുന്നുണ്ടെന്ന് മനസ്സിലാക്കി പല ഭാഗത്തേക്കും ചിതറിപ്പിരിഞ്ഞിരിക്കുകയാണെന്ന് അറിഞ്ഞത്. ഏതായാലും നബി(സ) അവിടെ ഏതാനും ദിവസം തങ്ങുകയുണ്ടായി. (കുഴപ്പക്കാരെ കണ്ടെത്താൻ) നബി(സ) ചെറിയ ചെറിയ സംഘങ്ങളെ പറഞ്ഞയച്ചു. പക്ഷെ അവരെപ്പറ്റി ഒന്നും അറിയാൻ കഴിയാത്ത വിധം അവർ അവിടെ നിന്ന് അപ്രത്യക്ഷരാകുകയുണ്ടായി.

ദൂമത്തുൽ ജന്ദലിൽനിന്ന് തിരിച്ചു വരുന്നതിനെ സംബന്ധിച്ച് എഴുതുന്നു, റസൂലുല്ലാഹ്(സ) 3 ദിവസം താമസിച്ചശേഷം മുഴുവൻ സൈന്യത്തെയും കൂട്ടി മദീനയിലേക്ക് പുറപ്പെട്ടു റബീഉസ്സാനി 20 നു മദീനയിൽ തിരിച്ചെത്തി. ദൂമത്തുൽ ജന്ദൽ ഗസ്‌വ അതിന്റെ പരിണിത ഫലങ്ങളുടെ അടിസ്ഥാനത്തിൽ വളരെ ഗുണപ്രദമായിരുന്നു. മുഴുവൻ നാടിനെപ്പറ്റിയും മുസ്‌ലിംകൾക്ക് അറിയാൻ കഴിഞ്ഞു. പ്രദേശത്തെക്കുറിച്ച് അറിയേണ്ടതും (അക്രമം നടക്കുന്നത് അകറ്റേണ്ടതും) അനിവാര്യമായിരുന്നു.

ഞാൻ വീണ്ടും ദുഃആയിലേക്ക് ശ്രദ്ധക്ഷണിക്കാൻ ആഗ്രഹിക്കുന്നു. അല്ലാഹു ലോകത്ത് മൊത്തത്തിൽ സമാധാനം സ്ഥാപിക്കുമാറാകട്ടെ. ആ സമാധാനം സ്ഥാപിക്കുന്നതിനാണ് നബി(സ) തന്റെ കാലത്ത് പരിശ്രമിച്ചത്. നബി(സ)ന്റെ ആഗമന ലക്ഷ്യവും ഇസ്‌ലാമിന്റെ അധ്യാപനവും ഇതു തന്നെയാണ്. ഇതെല്ലാം അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹം മുഖേന മാത്രമേ സാധ്യമാകുകയുള്ളൂ. അതിന് ദുഃആകൾ അനിവാര്യമാകുന്നു.

ലൗകികരായ ആളുകൾ പ്രത്യക്ഷത്തിൽ സ്വന്തം കാലുകളിൽ തന്നെ കോടാലി പ്രയോഗിക്കാൻ ഒരുങ്ങുകയാണെന്ന് തോന്നുന്നു. പ്രത്യക്ഷത്തിൽ സമാധാനത്തിനുള്ള യാതൊരു അവസ്ഥയും കാണപ്പെടുന്നില്ല. മറ്റൊന്ന് പാശ്ചാത്യ രാജ്യങ്ങളിലും ഇപ്പോൾ മുസ്‌ലിംകൾക്കെതിരിലുള്ള നീക്കം ത്വരിതഗതിയിലാക്കിയിരിക്കുന്നു. ഭാവിയിൽ അത് കൂടുമെന്നാണ് തോന്നുന്നത്. അതുകൊണ്ട് മുസ്‌ലിംകൾക്ക് തങ്ങളുടെ സുരക്ഷക്കുള്ള സംവിധാനം ഒരുക്കേണ്ടി വരുന്നതാണ്. ഒരു ഐക്യം ഉണ്ടാക്കേണ്ടി വരും. തങ്ങളുടെ അവസ്ഥകളെ നന്നാക്കേണ്ടി വരും. ഇത് അവർക്ക് മനസ്സിലാകാൻ അല്ലാഹു കനിയുമാറാകട്ടെ.

മുസ്‌ലിം രാജ്യങ്ങളിൽ, സുഡാനിലും മറ്റും മുസ്‌ലിംകൾ മുസ്‌ലിംകളെ തന്നെ ദ്രോഹിക്കുന്നു. അവർക്കുവേണ്ടിയും ദുഃആ ചെയ്യുക. (അല്ലാഹു അവർക്കും സമാധാനം സ്ഥാപിക്കാൻ തൗഫീഖ് നൽകുമാറാകട്ടെ.) തങ്ങളുടെ ദീനിന്റെ ലക്ഷ്യം ഇവർ മറന്നുകൊണ്ട് സ്വസഹോദരങ്ങളെ കൊല്ലുന്നു. അതുകൊണ്ടുതന്നെ അന്യരും മുസ്‌ലിംകളെ അക്രമിക്കുന്നു. (തങ്ങളുടെ അഹംഭാവവും സ്വാർഥ താൽപര്യവും പൂർത്തിയാക്കുന്നതിനു പകരം) രാജ്യത്തിന്റെയും സമൂഹത്തിന്റെയും സേവനത്തിനും (സമാധാനം ഇല്ലാതാക്കുന്നതിനു പകരം) സമാധാനം സ്ഥാപിക്കാനും അല്ലാഹു ഇവർക്ക് തൗഫീഖ് നൽകുമാറാകട്ടെ.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَ نَتَوَکَّلُ عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ - وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ- عِبَادَ اللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِ ذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ۔

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 05.07.2024
Malayalam Translation: **Moulavi H. Shamsuddin Kavassery**
Layout: Moulavi T. Jamshad Mukkam, For Malayalam Desk, Qadian.
Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516